(എ) സ്കൂൾ ക്ലാസ്സുകളിൽ അദ്ധ്യാപകർ കുട്ടികളെ മാനസികവും ശാരീരികവുമായി പീഡിപ്പിക്കുന്ന വിധത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) സ്കൂളുകളിൽ ചൂരൽപ്രയോഗം നിരോധിച്ചുകൊണ്ട് ഏതെങ്കിലും ജില്ലകളിൽ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ നടപടി സംസ്ഥാനവ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പ്രാകൃത ശിക്ഷാരീതികൾ നടപ്പിലാക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോപണ വിധേയരായ അദ്ധ്യാപകർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മലപ്പുറം ഡി.ഡി.ഇ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ചൂരൽ പ്രയോഗം പോലുള്ള ശിക്ഷാനടപടികൾ കെ.ഇ.ആറിലെ വ്യവസ്ഥകൾക്ക് വിധേയമല്ലാത്തതിനാലും എഡ്യൂക്കേഷണൽ സൈക്കോളജിയെ സംബന്ധിച്ച പരിഷ്ക്കരിച്ച സിലബസിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് വേണ്ട ബോധവാൽക്കരണം നല്കാൻ കഴിയുമെന്നതിനാലും ഇക്കാര്യത്തിൽ പ്രത്യേകയുത്തരവിറക്കേണ്ട ആശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

കോളേജ് ഹോസ്റ്റലിൽ ജാതിഅടിസ്ഥാനത്തിൽ വിദ്യാർത്ഥിനികളെ തരംതിരിച്ച സംഭവം

17 (*407) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം സെന്റ് തെരേസാസ് കോളേജ് ഹോസ്റ്റലിൽ ജാതി അടിസ്ഥാനത്തിൽ വിദ്യാർത്ഥിനികളെ തരംതിരിച്ച് താമസിപ്പിച്ചു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പ് അധികൃതർ ഈ ഹോസ്റ്റലിൽ പരിശോധന നടത്തിയിരുന്നുവോ ;

(ഡി) എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) ജാതി അടിസ്ഥാനത്തിൽ സൗകര്യം ഒരുക്കിയ ഹോസ്റ്റൽ അധികൃതരുടെ പേരിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഹോസ്റ്റലിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളെ പ്രത്യേകം താമസിപ്പിക്കുന്നതായും കോളേജ് ഓഫീസിലെ ചില ജീവനക്കാർ അവരോട് അവഗണനാപൂർവ്വം പെരുമാറുന്നതായും പരാതി ലഭിച്ചതിനെ തുടർന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ മുഖേനയും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേനയും അന്വേഷണം നടത്തി. ഇവർ സമർപ്പിച്ച റിപ്പോർട്ട് അടിയന്തിരമായി പരിശോധിച്ചുവരികയാണ്. കോളേജ് മാനേജ്മെന്റിന്റെ വിശദീകരണം വാങ്ങി സർക്കാരിന് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ടി പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നു.

(ഡി&ഇ) അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ച് വരികയാണ്. അന്തിമ തീരുമാനമായിട്ടില്ല.

ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

18 (*408) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ചിരുന്ന എച്ച്. ഗംഗയ്യ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) പാഠപുസ്തക അച്ചടിക്കുവേണ്ടി രൂപം നൽകിയ കെ.ബി.പി.എസ് പ്രസ്സ് പ്രതിസന്ധിയിലാണെന്ന് വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly